शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

503

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-2016

## ഗണിതം

ക്ലാസ്സ് - V

സമയം: 2 മണിക്കൂർ
ആകെ സ്കോർ : 30

**പ്രവർത്തനം - 1**

സ്ഥാനവില പോക്കറ്റിലെ അക്കങ്ങൾ നോക്കൂ.

| ലക്ഷം | പതിനായിരം | ആയിരം | നൂറ് | പത്ത് | ഒറ്റ |
|---|---|---|---|---|---|
| 8 | 5 | 4 | 7 | 2 | 9 |

(a) സ്ഥാനവില പോക്കറ്റ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള ആറക്കസംഖ്യയെ അക്ഷരത്തിലെഴുതുക.

(b) ഇതിലെ അക്കങ്ങൾ ആവർത്തിക്കാതെ എഴുതാവുന്ന ഏറ്റവും വലിയ സംഖ്യ ഏത്? ഏറ്റവും ചെറിയ സംഖ്യ ഏത് ?

(c) ഇവ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

**പ്രവർത്തനം - 2**




(a) ചിത്രത്തിൽ എത്ര കോണുകൾ ഉണ്ട് ?

(b) ചിത്രത്തിൽ തന്നിട്ടുള്ള അളവുകൾ ഉപയോഗിച്ച് ഈ രൂപം വരയ്ക്കുക.

**പ്രവർത്തനം - 3**

സുന്ദരപുരം ഗവൺമെന്റ് എൽ.പി. സ്കൂളിലെ ഒന്നാം ക്ലാസ്സിലെ 45 വിദ്യാർത്ഥികൾക്ക് ബാഗ് വാങ്ങുന്നതിനായി ഒരു പൂർവ്വ വിദ്യാർത്ഥി 15000 രൂപ സംഭാവന നൽകി.

(a) ഒരു ബാഗിന് 320 രൂപയാണ് വിലയെങ്കിൽ ആകെ ചിലവ് എത്ര ?

(b) ബാക്കി വന്ന തുക ഉപയോഗിച്ച് 25 രൂപ വിലയുള്ള എത്ര നോട്ടുബുക്കുകൾ വാങ്ങാം?

പ്രവർത്തനം - 4

അഞ്ജന വാങ്ങിയ പച്ചക്കറിയുടെ ബില്ല് നോക്കൂ.

| പുതുമ പച്ചക്കറി | | |
|---|---|---|
| ഇനം | അളവ് (കി.ഗ്രാം) | വില (രൂപ) |
| കുമ്പളങ്ങ | 5 | 100 |
| ഉള്ളി | 8 | 280 |
| തക്കാളി | 7 | 224 |
| വെണ്ടയ്ക്ക | 6 | 252 |
| ആകെ | | ______ |

(a) ബില്ലിലെ ആകെ തുക എത്ര ?

(b) ഒരു കി.ഗ്രാം കുമ്പളങ്ങയുടെ വില എത്ര ?

(c) ഒരു കിലോഗ്രാമിന് ഏറ്റവും കൂടുതൽ വില നൽകേണ്ടിവരുന്ന പച്ചക്കറി ഏത് ?

പ്രവർത്തനം – 5

പാറ്റേൺ പൂർത്തിയാക്കൂ.

$9 \times 9 = 81$

$99 \times 99 = 9801$

$999 \times 999 = 998001$

.................. = 99980001

$99999 \times 99999$ = ..................

.................. = ..................

.................. = ..................

പ്രവർത്തനം – 6

സജ്നയ്ക്ക് കൂട്ടുകാരും പഞ്ചായത്തും ചേർന്ന് ഒരു വീട് നിർമ്മിച്ച് നൽകാൻ തീരുമാനിച്ചു. അതിന്റെ വിവിധ ഘട്ടങ്ങളിൽ വരുന്ന ചിലവിന്റെ പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്.

| ഇനം | ചെലവ് |
|---|---|
| തറപ്പണി | 75000 |
| കെട്ടിടം പണി | 250000 |
| പെയിന്റിംഗ് | 65000 |
| വയറിംഗ് | 95000 |

(a) ആകെ ചിലവായ തുക എത്ര ?

(b) കുട്ടികൾ സ്വരൂപിച്ച തുക 365000 രൂപ ആണെങ്കിൽ, പഞ്ചായത്ത് നൽകേണ്ട തുക എത്ര?